**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 464** | **12-08-2021 - ൽ മറുപടിയ്ക്ക്**

**വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ.എം.സച്ചിൻദേവ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ നേരിടുന്ന പ്രധാന പ്രശ്നം ഉല്പന്നങ്ങൾക്ക് സുസ്ഥിര വിപണി കണ്ടെത്തുക എന്നത് ആയതിനാൽ ഇത്തരം വ്യവസായങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനും വേണ്ടി കഴിഞ്ഞ സർക്കാർ ആരംഭിച്ച വാണിജ്യ മിഷന്റെ പ്രവർത്തനങ്ങളെ കുറിച്ച് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ ആഗോള വിപണിയിൽ പരിചയപ്പെടുത്തി വിപണന സാധ്യത പ്രോത്സാഹിപ്പിക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്, വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്. വാണിജ്യ മിഷന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ് : സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക. ഭാരതത്തിലും വിദേശങ്ങളിലുമായി നടക്കുന്ന പ്രധാനപ്പെട്ട ഫെയറുകളിൽ സംസ്ഥാനത്തു നിന്നും സംരംഭക പ്രതിനിധികളെ പങ്കെടുക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക. കേരളത്തിലെ നിക്ഷേപകർ/ സംരംഭകർക്ക് ദേശീയ അന്തർ ദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക. ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ്സ് ബന്ധം സ്ഥാപിക്കുക. ദേശീയ അന്തർദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക. കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന തനതായ ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ വിഭാഗത്തിലും സംസ്ഥാന തലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക. പ്രോജക്റ്റ് കൺസൾട്ടൻസി തുടങ്ങുക. വിദേശ നിക്ഷേപങ്ങൾക്ക് ഫെലിസിറ്റേഷൻ സേവനങ്ങൾ നടത്തുക. മൊത്ത വ്യാപാരികൾക്കും, ചില്ലറ വ്യാപാരികൾക്കും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും അവാർഡുകൾ നൽകുവാനുള്ള നടപടി സ്വീകരിക്കുക. വാണിജ്യ |

| | | | |
|---|---|---|---|
| | | | സേവന മേഖലയുടെ വളർച്ചക്കായി സർക്കാർ ഒരു ട്രേഡ് പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കുക. വാണിജ്യ മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിൽ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ശബരിമല തീർത്ഥാടന കാലത്തും 2020 ആറ്റുകാൽ പൊങ്കാല ഉത്സവത്തോടനുബന്ധിച്ചും സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പ്രാദേശിക വ്യാപാര മേളകൾ വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ വ്യവസായ വാണിജ്യ വകുപ്പ് യുവജനങ്ങൾക്കു വേണ്ടി ഇ.ഡി. ക്ലബ് കോൺക്ലേവ് - എംഎസ്എംഇ സമ്മിറ്റ് (Enlight 2020) 2020 ജനുവരി 29, 30 തീയതികളിൽ ഉദയാ പാലസ് കൺവെൻഷൻ സെന്റർ, കവടിയാർ, തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ചു. വാണിജ്യ മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി പരസ്പര പ്രയോജനകരമായ ബിസിനസ്സ് പങ്കാളിത്തത്തിനായി വാണിജ്യ, ബിസിനസ്സ് മീറ്റിംഗുകൾ നടത്തുന്നതിന് ദേശീയ അന്തർദേശീയ ബിസിനസ്സ് ഫോറങ്ങൾ സന്ദർശിക്കുവാൻ സംസ്ഥാനത്തു നിന്നുള്ള വ്യാപാര പ്രതിനിധികൾക്ക് സൗകര്യമൊരുക്കുന്നതിനും വാണിജ്യ മിഷൻ മുഖേന നടപടികൾ സ്വീകരിക്കുന്നു. |
| (ബി) | കേരള ഇ-മാർക്കറ്റ് എന്ന പേരിൽ ആരംഭിച്ച ബിസിനസ് ടു ബിസിനസ് വെബ് പോർട്ടലിന്റെ പ്രവർത്തന ഫലം വിലയിരുത്താൻ കഴിഞ്ഞിട്ടുണ്ടോ; | (ബി) | കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന സൂക്ഷമ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതക്കായി വ്യവസായ വകുപ്പിനു വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ്) മുഖേന ഒരു ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ-പോർട്ടൽ (www.keralaemarket.com / www.keralaemarket.org / www.keralaemarket.kerala.gov.in) രൂപീകരിച്ചു. ഈ വെബ്ബ് പോർട്ടലിലൂടെ കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്തുവാൻ സാധിക്കും. പ്രസ്തുത പോർട്ടൽ വികസിപ്പിച്ചതിലൂടെ സംസ്ഥാനത്തെ സൂക്ഷമ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും ആഗോള തലത്തിലുള്ള വ്യവസായികൾ /ബയർമാർ എന്നിവരുമായി ആശയവിനിമയം നടത്തുവാൻ സാധിക്കും. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിലുള്ള ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന |

| | | | |
|---|---|---|---|
| | | | പ്രസ്തുത പോർട്ടലിലൂടെ സൂക്ഷമ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ രജിസ്റ്റർ ചെയ്ത് അവരുടെ ഉൽപ്പന്നങ്ങളെയും സേവനങ്ങളെയും കുറിച്ച് പ്രചരിപ്പിക്കുവാൻ സാധിക്കും. നിലവിൽ 1451 കമ്പനികളും കേരളത്തിലെ 28 പൊതുമേഖലാ സ്ഥാപനങ്ങളും ഈ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നടപടികൾ തുടർന്നു വരുന്നു. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുവാനും ഈ പോർട്ടൽ സഹായകരമാകും. നിലവിലുള്ള വ്യവസായങ്ങൾ കൂടാതെ പുതിയ സംരംഭകർക്കും ഇതുമായി ബന്ധപ്പെട്ടവർക്കും ഈ വെബ് പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്തുവാൻ സാധിക്കും. ഇത്തരത്തിലുള്ള സംരംഭങ്ങൾ കേരളത്തിലെ വ്യവസായങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ദേശീയ അന്തർദേശീയ വിപണികളിൽ കടന്നു ചെല്ലുവാനും പ്രത്യേകിച്ചും കോവിഡ് കാലത്തിനു ശേഷം അവർക്ക് പ്രയോജനപ്പെടുന്ന ദേശീയ അന്തർദേശീയ ബയർമാർ / കമ്പനികളുമായി വ്യാപാര പങ്കാളിത്തത്തിൽ ഏർപ്പെടുവാനും സാധിക്കും. |
| (സി) | ഇത്തരം സംരംഭകരുടെ ഉല്പന്നങ്ങൾക്കായി കൊച്ചിയിൽ സ്ഥിരം അന്താരാഷ്ട്ര പ്രദർശന, വിപണന കേന്ദ്രം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി റീട്ടെയിൽ വ്യാപാരികളെ കൂടി വാണിജ്യ മിഷന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ? | (സി) | എറണാകുളം കാക്കനാട് കിൻഫ്രയുടെ കീഴിൽ അന്തർദേശീയ നിലവാരമുള്ള സ്ഥിര വിപണന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ഇന്ത്യ ട്രേഡ് പ്രൊമോഷൻ കൗൺസിലും (ITPO) കിൻഫ്രയും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ എറണാകുളം വില്ലിംഗ്ടൺ ഐലന്റിൽ 100 ഏക്കറിൽ എഫ്.എം.സി.ജി. കൾക്കായി പ്രത്യേക വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും കൊച്ചി പുതുവൈപ്പിനിലെ 30 ഏക്കർ ഭൂമിയിൽ ഒരു അഗ്രോ / സീ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ അന്വേഷിക്കുന്നതിനും കിൻഫ്രാ മാനേജിംഗ് ഡയറക്ടറെ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർ പേഴ്സണുമായി ചർച്ച നടത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കൊച്ചിൻ പോർട്ട് ട്രസ്റ്റിനേയും, ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പർ ഓഫ് കോമേഴ്സിനേയും (ഫിക്കി) ഉൾപ്പെടുത്തി ഒരു വെബിനാർ സംഘടിപ്പിക്കുന്നതിനും കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പാർക്കുകളിൽ സ്വകാര്യ സംരംഭകരെ |

| | | | |
|---|---|---|---|
| | | | ആകർഷിക്കുന്നതിന് ഫിക്കിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ